കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-2017

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

lfaddistofficeknr@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.2/981/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail lfaddistofficeknr@gmail.com,

Phone:04972707698

തീയ്യതി: 04.07.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തരം),

കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത് .

സർ,

വിഷയം :- കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത് - 2016-2017 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

**********

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവുചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2, 3 ഭാഗങ്ങളിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തര വാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി

ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ചചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരളപഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും - ചട്ടങ്ങളിലെ 14, 15 ചട്ടങ്ങൾ).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 15(1) വകുപ്പ്, 1997ലെ കേരളാ പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങളിലെ 21(1)(2) ചട്ടങ്ങൾ എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഇ -മെയിൽ വഴി)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഉപരിപത്രം സഹിതം)

3) കാര്യാലയ പ്രതി.

APR

നം.കെ.എസ്.എ./കെ.എൻ.ആർ./സി.2/981/2017 തീയതി : 04.07.2017

<u>കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരിഗ്രാമപഞ്ചായത്തിന്റെ</u>

# 2016-2017 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

## ആമുഖം

കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.04.2016 മുതൽ 31.03.2017 വരെയുള്ള രശീതികളും പിൻവലിക്കലുകളും പരിശോധനാ വിധേയമാക്കി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര്/ഉദ്യോഗപ്പേര് | ശ്രീ അശോകൻ മഠത്തിൽ ,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 01.06.2017 മുതൽ<br>13.06.2017 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമനമ്പർ | പേര് | തസ്തിക |
|---|---|---|
| 1 | സിന്ധു ടി പി | ഓഡിറ്റ് ഓഫീസർ |
| 2 | വിജോഷ് പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

| | | |
|---|---|---|
| 3 | വനജ മാടത്താൻ കണ്ടി | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി .ഇ.പി. ഓമന | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ. സി.ടി. പുരുഷോത്തമൻ | 01.04.2016 മുതൽ 31.05.2016 വരെ |
| | ശ്രീ.വിനോദ്കുമാർ.എം.പി (അസി.സെക്രട്ടറി- ഇൻ ചാർജ്ജ്) | 01.06.2016 മുതൽ 02.08.2016 വരെ |
| | ശ്രീ കെ.വി. പ്രകാശൻ | 03.08.2016 മുതൽ 31.03.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ക്രമ നമ്പർ | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീമതി ലത.പി | 01.04.16മുതൽ31.03.17 വരെ |
| 2 | വി.ഇ.ഒ | ശ്രീ രഘുവരൻ ടി വി | 01.04.16മുതൽ31.03.17 വരെ |
| 3 | വെറ്റിനറി സർജൻ | ഡോ ബിന്ദു പ്രശാന്ത് | 01.04.16മുതൽ 31.03.17 വരെ |
| 4 | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ ജാക്സൺ ജോസഫ് | 01.04.16 മുതൽ 31.01.17 വരെ |
| | | ശ്രീ കൃഷ്ണദാസ്.പി | 01.02.17 മുതൽ 31.03.17 വരെ |
| 5 | ഹെഡ് മാസ്റ്റർ | ശ്രീ രത്നകുമാർ മുണ്ടോൻ | 01.04.16മുതൽ 31.03.17 വരെ |
| 6 | മെഡിക്കൽ ഓഫീസർ (പിഎച്ച് സി) | ഡോ മിനി ശ്രീധരൻ | 01.04.16 മുതൽ07.09.16 വരെ |
| | | ഡോ നിംമ്മ രവീന്ദ്രൻ | 08.09.16 മുതൽ23.09.16 വരെ |
| | | ഡോ അനിൽ കുമാർ | 24.09.16 മുതൽ 24.10.16 വരെ |

| | | | |
|---|---|---|---|
| | | ഡോ രശ്മി | 25.10.16 മുതൽ31.03.17 വരെ |
| 7 | മെഡിക്കൽ ഓഫീസർ (ആയുർവേദ) | ഡോ കെ വി രമ | 01.04.16 മുതൽ13.02.17 വരെ |
| | | ഡോ ജി ശ്യാം കൃഷ്ണൻ | 14.02.17 മുതൽ31.03.17 വരെ |
| 8 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ ഡോളി ആഗസ്റ്റിൻ | 01.04.16 മുതൽ31.03.17 വരെ |
| 9 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.വിനോദ്കുമാർ.എം.പി | 01.04.16 മുതൽ 07.08.16 വരെ |
| | | ശ്രീ.റാഷിദ്.കെ.ടി | 08.08.16 മുതൽ31.03.17 വരെ |
| 10 | ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി രത്നവല്ലി ഐ വി | 01.04.16മുതൽ 31.03.17 വരെ |
| 11 | ഫിഷറീസ് സബ്ഇൻസ്പെക്ടർ | ശ്രീ പി കണ്ണൻ | 01.04.16മുതൽ14.02.17 വരെ |
| | | ശ്രീമതി മിനിനാരായണൻ | 15.02.17 മുതൽ31.03.17 വരെ |
| 12 | ഡയറി ഫാം ഇൻസ്പെക്ടർ | ദിജേഷ്.കെ | 01.04.16മുതൽ 31.03.17 വരെ |

ഉള്ളടക്കം


| ക്രമനമ്പർ | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| ഭാഗം 1 പൊതു അവലോകനം | | |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | ധനകാര്യ വിശകലനം |

| | | |
|---|---|---|
| 3 | 1-3 | ഫണ്ട് വിനിയോഗം |
| 4 | 1-4 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 5 | 1-5 | തനത് വരുമാനം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് വെരിഫിക്കേഷൻ |
| 9 | 1-9 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം |
| 10 | 1-10 | അനുബന്ധ പത്രികകൾ |
| 11 | 1-11 | ഗ്രാമസഭ |
| ഭാഗം 2 വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 12 | 2-1 | വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ - അപാകങ്ങൾ |
| 13 | 2-2 | തൊഴിൽ നികുതി കണക്കാക്കിയതിലേയും ഈടാക്കിയതിലേയും അപാകങ്ങൾ |
| 14 | 2-3 | ഡി & ഒ ലൈസൻസ് ഫീസ് - ഈടാക്കിയതിൽ കുറവ് |
| ഭാഗം 3 ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | | |
| 15 | 3-1 | വാട്ടർ ചാർജ്ജ് - സംയുക്ത പരിശോധനയ്ക്കു ശേഷം കുറവു ചെയ്യാത്തത് |
| 16 | 3-2 | സ്ട്രീറ്റ് ലൈററ് ചാർജ്ജിൽ കുറവു വരുത്താത്തത് |
| 17 | 3-3 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്ത പദ്ധതികൾ |
| 18 | 3-4 | ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകങ്ങൾ |
| 19 | 3-5 | ആയുർവേദ ആശുപത്രിയിലേക്ക് സോളാർഹീറ്റർ വാങ്ങൽ - അപാകങ്ങൾ |
| 20 | 3-6 | ആയുർവ്വേദാശുപത്രിയിലേക്ക് മരുന്നുകൾ - ഔഷധിയിൽ നിന്ന് സമയബന്ധിതമായി മരുന്നുകൾ ലഭ്യമായില്ല. |
| 21 | 3-7 | കാൻസർ രോഗനിയന്ത്രണ പരിപാടിക്കായി |

| | | |
|---|---|---|
| | | സർവ്വേനടത്തി - തുടർനടപടികൾ സ്വീകരിച്ചിട്ടില്ല. |
| 22 | 3-8 | ഹോമിയോ ഡിസ്പൻസറിയിലേക്കുള്ള മരുന്നുകൾ ലഭ്യമായില്ല |
| 23 | 3-9 | മൃഗാശുപത്രിക്ക് ബില്ലിംഗ് മെഷീൻ - സംരക്ഷണ ഗ്രാന്റ് വിനിയോഗിച്ചത് |
| 24 | 3-10 | പ്രത്യേക കന്നുകുട്ടി പരിപാലനം -നീക്കിയിരിപ്പ് തുക തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. |
| 25 | 3-11 | ടെണ്ടർ സ്വീകരിച്ചതിൽ അപാകം |
| 26 | 3-12 | ആശ്രയ പദ്ധതി -അവലോകനം |
| 28 | 3-13 | ഗുണഭോക്തൃതെരഞ്ഞെടുപ്പും മോണിറ്ററിംഗും |
| ഭാഗം 4 പൊതുവിവരവും ഓഡിറ്റ് പ്രത്യവലോകനവും | | |
| 29 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 30 | 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 31 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്. |
| 32 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 33 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 34 | 4-6 | ഓഡിറ്റ് റിക്കവറി |
| 35 | 4-7 | സമാഹൃത റിപ്പോർട്ടിൽഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 36 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 37 | 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

01.03.2016ലെ 16/16 നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച 2016-17 ലെ ബജറ്റ് 06.03.17 ലെ 38/17 തീരുമാനപ്രകാരം പുതുക്കിയിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 42539362.00 | 38900282.11 | ബജറ്റിൽ ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് നേരിട്ട് ട്രാൻസ്ഫർ ചെയ്യപ്പെടുന്ന ഹെഡുകളിലെ തുക ഉൾപ്പെടുത്തിയും, റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിൽ ഇവ ഉൾപ്പെടുത്താതെയും തയ്യാറാക്കിയതിനാൽ താരതമ്യം വസ്തുനിഷ്ഠമല്ല |
| വരവ് | 107736000.00 | 42038449.00 | |
| ആകെ | 150275362.00 | 80938731.11 | |
| ചെലവ് | 125147500.00 | 39642793.00 | |
| നീക്കിയിരിപ്പ് | 25127862.00 | 41295938.11 | |

# 1-2 ധനകാര്യ വിശകലനം

2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക 12.05.2017 ന് ഓഡിറ്റിനായി സമർപ്പിച്ചിട്ടുണ്ട്. സാമ്പത്തിക വിശകലനം ചുവടെ ചേർക്കുന്നു

| | |
|---|---|
| മുൻബാക്കി | 38900282.11 |
| വരവ് | 42038449.00 |
| ആകെ | 80938731.11 |
| ചെലവ് | 39642793.00 |
| നീക്കിബാക്കി | 41295938.11 |

# 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | അലോട്ട്മെന്റ് (A.C.R. പ്രകാരം) | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കി ബാക്കി(RP 40(b) |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 9995187 | 9296693 | 9296693 | 9296693 | 0 |
| വികസനഫണ്ട് എസ് സി പി | 0 | 2521137 | 1715528 | 1715528 | 1715528 | 0 |
| വികസനഫണ്ട് ടി എസ് പി | 0 | 2241 | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ്- റോഡ് | 0 | 3759453 | 1778118 | 1778118 | 1778118 | 0 |
| സംരക്ഷണ ഗ്രാന്റ് - റോഡിതരം | 0 | 3073413 | 1923234 | 1923234 | 1923234 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 5606186 | 2469802 | 2469802 | 2469802 | 0 |
| ലോകബാങ്ക് ധനസഹായം | 0 | 2163936 | 347842 | 347842 | 347842 | 0 |
| ബി ഫണ്ട് | 0 | | 44792391 | 44792391 | 44792391 | |
| MNREGA | 0 | | 4091000} 456131} | 4547131 | 4525381 | 21750 |
| ടി എസ് സി | വിശദാംശങ്ങൾ ലഭ്യമായിട്ടില്ല. | | | | | 262500 |
| ഐ സി ഡി എസ് കേന്ദ്രവിഹിതം | 70568 | | 893871 | 964439 | 724348(*) | 240091 (*) |

(*) 203718രൂപ ഏപ്രിൽ മാസത്തിൽ ഐ സി ഡി എസ് സൂപ്പർവൈസർ തിരിച്ചടച്ചിട്ടുണ്ട്

## 1-4 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

അക്കൌണ്ട് പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു

സഞ്ചയ പ്രകാരമുള്ള വസ്തുനികുതി ബാലൻസ് തുകയും സാഖ്യയിൽ രേഖപ്പെടുത്തിയ ബാലൻസ് തുകയും പൊരുത്തപ്പെടുന്നില്ല.

## 1-5 തനത് വരുമാനം.

ഗ്രാമപഞ്ചായത്തിന്റെ തനതു വരുമാനത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് താഴെ പറയും പ്രകാരം 4.75% കുറവ് ഉണ്ടായിട്ടുണ്ട്

| ഇനം | 2015-16 | 2016-17 | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 5638890 | 7418563 | +1779673 | +31.56 |
| നികുതിയേതര വരവുകൾ | 5654216 | 3337905 | -2316311 | -40.97 |
| ആകെ | 11293106 | 10756468 | -536638 | -4.75 |

B-15 പത്രിക പ്രകാരം 6.40 ലക്ഷം രൂപ നികുതിയിനത്തിൽ പിരിഞ്ഞുകിട്ടാനുണ്ട്. ആയത് പിരിച്ചെടുക്കാൻ ഉർജ്ജിത നടപടികൾ ഉണ്ടാവേണ്ടതാണ്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | നടപ്പാക്കാത്തവ | ഭാഗികമായി നടപ്പാക്കിയത് | പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 171 | 109 | 62 | 14 | 95 | 55.56 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 5 | 3157035 | 2951825 | 93.5 |
| വെറ്റിനറി സർജൻ | 6 | 6 | 1086582 | 876500 | 80.66 |
| മെഡിക്കൽ ഓഫീസർ- പി എച്ച് സി | 7 | 6 | 704550 | 480563 | 68.2 |

| | | | | | |
|---|---|---|---|---|---|
| ,,ഹോമിയോ | 2 | 2 | 240000 | 235395 | 98 |
| ,, ആയുർവേദ | 3 | 3 | 1055000 | 1052700 | 99.78 |
| വി ഇ ഒ | 16 | 12 | 3444150 | 2142250 | 62.19 |
| ഐസിഡിഎസ് സൂപ്പർവൈസർ | 2 | 2 | 3536216 | 3487186 | 98.61 |
| സെക്രട്ടറി | 26 | 19 | 5465667 | 3441144 | 62.96 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 8 | 2430825 | 1030584 | 42.4 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 77 | 34 | 36752731 | 10155854 | 27.63 |
| ഹെഡ് മാസ്റ്റർ | 13 | 9 | 3106521 | 1949302 | 62.75 |
| സബ് ഇൻസ്പെക്ടർ ഫിഷറീസ് | 2 | 2 | 140000 | 67986 | 48.56 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 300000 | 300000 | 100 |
| ആകെ | 171 | 109 | 61419277 | 28171289 | 45.87 |

പദ്ധതി അടങ്കലിന്റെ 45.87%മാത്രമാണ് ഓഡിറ്റ് വർഷം ചെലവഴിക്കാൻ സാധിച്ചിട്ടുള്ളത്.

(അടിസ്ഥാനം: സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ് )

## 1-7 ക്ഷേമപദ്ധതികൾ

ഓഡിറ്റ് വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽരഹിത വേതനം | 38 | 60120 |
| കർഷകതൊഴിലാളി പെൻഷൻ | 546 | 5299800 |
| വിധവാപെൻഷൻ | 951 | 11752170 |
| വാർദ്ധക്യകാലപെൻഷൻ | 2401 | 22913695 |
| ഭിന്നശേഷിയുള്ളവർക്കുള്ള പെൻഷൻ | 231 | 2251690 |
| 50 വയസിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 161 | 1873500 |
| വിവാഹ ധനസഹായം | 19 | 570000 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.06.17 തീയതി രാവിലെ 11 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 567 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമനമ്പർ | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 02.02.16 മുതൽ 03.02.16 വരെ | 01.08.16 മുതൽ 30.11.16 വരെ | റിപ്പോർട്ടിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല | പെർഫോമൻസ് ഓഡിറ്റ് യഥാസമയം നടത്തിയിട്ടില്ല. |
| 2 | അക്കൌണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.08.15 മുതൽ 31.08.15 വരെ | 2010-11 മുതൽ 2014-15 വരെ | 19.10.15 | |

## 1-10 അനുബന്ധപത്രികകൾ

1 . ഓഡിറ്റ് സർട്ടിഫിക്കറ്റ്

2. റസീറ്റ് പേമെന്റ് സ്റ്റേറ്റ്മെന്റ്
3.ഇൻകം & എക്സ് പെന്റിച്ചർ സ്റ്റേറ്റ്മെന്റ്

4. ബാലൻസ് ഷീറ്റ്

## 1-11 ഗ്രാമസഭ

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 3, ഉപവകുപ്പ് (3) പ്രകാരം ഗ്രാമസഭ കുറഞ്ഞത് മൂന്നു മാസത്തിലൊരിക്കൽ നിർബന്ധമായും ചേരേണ്ടതാണ്. പദ്ധതി രൂപീകരണം, ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് എന്നീ കാര്യങ്ങൾക്ക് വേണ്ടി മാത്രം ചേരുന്ന ഗ്രാമസഭായോഗങ്ങളെ ഗ്രാമസഭകളുടെ പ്രത്യേക യോഗങ്ങളായി കാണേണ്ടതും അവ മേൽപറഞ്ഞ നിയമാധിഷ്ഠിതമായ നിശ്ചിത എണ്ണം യോഗങ്ങളിൽ ഉൾപ്പെടുത്താൻ പാടില്ലാത്തതുമാണ്.

എന്നാൽ കല്ല്യാശ്ശേരി പഞ്ചായത്തിൽ 2016-17 കാലയളവിൽ രണ്ടുതവണ മാത്രമേ ഗ്രാമസഭ യോഗം ചേർന്നിട്ടുള്ളൂ. 18 വാർഡുകളിലെയും ഗ്രാമസഭ മിനിട്ട്സ് പരിശോധിച്ചതിൽ 8/2016 ലും 10/2016 ലും മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. ഇതു യഥാക്രമം, 2015-16 പി.എം.എ.വൈ ലിസ്റ്റ് അംഗീകരിക്കൽ, 2015-16 വർഷ വ്യക്തിഗത ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ, പെൻഷൻ ഗുണഭോക്തൃലിസ്റ്റ് അംഗീകരിക്കൽ എന്നിവയുമായി ബന്ധപ്പെട്ടാണ് ചേർന്നിട്ടുള്ളത്. കൃത്യമായ ഇടവേളകളിൽ ഗ്രാമസഭാ യോഗങ്ങൾ സംഘടിപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

പഞ്ചായത്ത് രാജ് ആക്ടിനോടനുബന്ധിച്ചിട്ടുണ്ടായ വിവിധ ചട്ടങ്ങളിൽ ഗ്രാമസഭ അംഗീകരിക്കേണ്ടതായി പറഞ്ഞിട്ടുള്ള പല കാര്യങ്ങളും ഗ്രാമസഭകളിൽ ചർച്ച ചെയ്തതായി കാണുകയുണ്ടായില്ല. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | കേരള പഞ്ചായത്ത് രാജ് ചട്ടം സംബന്ധിച്ച വിശദവിവരം | ഗ്രാമസഭയിൽ ചർച്ച നടത്തിയോ |
|---|---|---|
| 1 | 1997ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2) | ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ച ചെയ്യപ്പെടുന്നില്ല. |
| 2 | 1998-ലെ കേരള പഞ്ചായത്ത് രാജ് (വസൂലാക്കാൻ സാധിക്കാത്ത തുക കൾ എഴുതിത്തള്ളൽ) ചട്ടം 3(6) | ധന.സ്റ്റാന്റിംങ് കമ്മിറ്റി തീരുമാന പ്രകാരം എഴുതിത്തള്ളാൻ തീരുമാനിച്ചത് സംബന്ധിച്ച് ചർച്ച ചെയ്തിട്ടില്ല. |

| | | |
|---|---|---|
| 3 | 2003ലെ കേരള പഞ്ചായത്ത് രാജ (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും ) ചട്ടങ്ങൾ ചട്ടം 7 | ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ടെങ്കിലും ഗ്രാമസഭകളിൽ ചർച്ച ചെയ്യപ്പെടുന്നില്ല. |

നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പ്രകാരം ഗ്രാമസഭയ്ക്ക് ഉള്ള അധികാരങ്ങളും അവകാശങ്ങളും മുഴുവനായും ഗ്രാമസഭ നിർവഹിക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ - അപാകങ്ങൾ

ഒരു വർഷത്തെ വസ്തുനികുതി ഡിമാന്റ് ആ വർഷത്തെ വിമുക്തഭടന്മാരുടെ നികുതി ഒഴിവാക്കിയത് ഉൾപ്പെടെയുള്ള റമിഷൻ തുകയും കാലപ്പഴക്കം മൂലം പൊളിച്ചുമാറ്റിയതോ നശിച്ചുപോയതോ ആയ കെട്ടിടങ്ങളുടെ എഴുതിത്തള്ളിയ നികുതികളും ഉൾപ്പെടുത്തിയാണ് തയ്യാറാക്കേണ്ടത്. ഡിമാന്റിൽ നിന്നും തൻവർഷത്തെ കളക്ഷനും മേൽപ്പറഞ്ഞ ഇനങ്ങളിലെ തുകകളും കുറച്ചുകിട്ടുന്ന തുകയാണ് ആ വർഷത്തെ നീക്കിയിരിപ്പായി വരേണ്ടത്. എന്നാൽ കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിൽ വസ്തുനികുതി ഡിമാന്റിൽ വിമുക്തഭടന്മാരുടെയോ ആശ്രിതരുടേയോ പേരിലുള്ള വീടുകളുടെ നികുതി ഒഴിവാക്കിയതും എഴുതിത്തള്ളിയ നികുതികളും ഉൾപ്പെടുത്തിക്കാണുന്നില്ല. ആയത് ആകെ ഡിമാന്റിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 2-2 തൊഴിൽ നികുതി കണക്കാക്കിയതിലേയും ഈടാക്കിയതിലേയും അപാകങ്ങൾ

കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തിൽ തൊഴിൽ നികുതി ഈടാക്കിയതിൽ താഴെ പറയുന്ന അപാകങ്ങൾ സംഭവിച്ചിട്ടുണ്ട്. തൊഴിൽ നികുതി റിട്ടേണുകൾ ശരിയായി പരിശോധിക്കുന്നതിലെ വീഴ്ചമൂലമാണ് ഇപ്രകാരം സംഭവിച്ച് കാണുന്നത്.

എ) താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ചുമത്തുന്നതിന് മൊത്തവരുമാനം കണക്കാക്കിയപ്പോൾ ബോണസ് / ഉത്സവബത്ത ഉൾപ്പെടുത്തിയിട്ടില്ല.

1. സബ് രജിസ്ട്രാർ ഓഫീസ്, കല്ല്യാശ്ശേരി

2. പി.കെ.വി.എസ്. മുസ്ലിം എൽ.പി.എസ്. ഇരിണാവ്

3. ഐ.സി.ഡി.എസ്. കല്ല്യാശ്ശേരി

4. കൃഷിഭവൻ, കല്ല്യാശ്ശേരി

6. കെ.പി.ആർ. ഗോപാലൻ എസ്.ജി.എച്ച്.എസ്.എസ്., കല്ല്യാശ്ശേരി.

ബി) പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കൂടുതൽ കാലം ജോലി ചെയ്ത ജീവനക്കാർ

തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരാണ്. എന്നാൽ താഴെ പറയുന്ന ജീവനക്കാർ ഈ പഞ്ചായത്തിൽ തൊഴിൽ നികുതി ഒടുക്കുകയോ മറ്റേതെങ്കിലും പഞ്ചായത്തിൽ ഒടുക്കിയതിന്റെ വിവരം അറിയിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | പേര് | തസ്തിക | ഓഫീസ് | വിടുതൽ ചെയ്ത തിയ്യതി |
|---|---|---|---|---|
| 1 | എം.അമലേഷ് കുമാർ | സീനി.സൂപ്രണ്ട് | എ.ഇ.ഒ. ഓഫീസ്, പാപ്പിനിശ്ശേരി | 07.07.2016 |
| 2 | കെ.പ്രദീപ് കുമാർ | അറ്റന്റർ | ഗവ. ആയുർവേദ ഡിസ്പെൻസറി, ഇരിണാവ് | 19.06.2016 |
| 3 | ശ്രീശൻ കെ. | ഇ.ഒ. | ബി.ഡി.ഒ., കല്ല്യാശ്ശേരി | 04.07.2016 |
| 4 | പ്രവീണ പാറയിൽ | ഒ.എ. | ,, ,, | 25.07.2016 |

ഇത സംബന്ധിച്ച് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കത്തു നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

സി) തൊഴിൽ നികുതി ചുമത്തുന്നതിനുള്ള മൊത്തവരുമാനം കണക്കാക്കുമ്പോൾ വീട്ടുവാടകബത്ത ഒഴിവാക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വീട്ടുവാടകബത്ത ഉൾപ്പെടെയുള്ള വരുമാനത്തിന്മേലാണ് തൊഴിൽ നികുതി ചുമത്തിയിട്ടുള്ളത്.

1.മാങ്ങാട്ട് എൽ.പി.എസ്.

2.എസ്.ബി.ടി. കണ്ണൂർ യൂനിവേഴ്സിറ്റി കാമ്പസ്

3.മൊറാഴ കല്ല്യാശ്ശേരി സഹ. ബാങ്ക്

4.ഇരിണാവ് ഹിന്ദു എ.എൽ.പി.എസ്.

5.ഇരിണാവ് സർവീസ് സഹ. ബാങ്ക്

6.വെറ്റിനറി ഡിസ്പെൻസറി ഇരിണാവ്

7.ദാറുൽ ഈമാൻ മുസ്ലിം എൽ.പി.എസ്

8.കൃഷി അസി. ഡയറക്ടർ ഓഫീസ് കല്ല്യാശ്ശേരി

9.അസി. എക്സി. എഞ്ചിനീയറുടെ ഓഫീസ്, കല്ല്യാശ്ശേരി

10.കൃഷി ഭവൻ, കല്ല്യാശ്ശേരി

ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് നല്കിയ മറുപടിയിൽ മേൽ അപാകങ്ങൾ കാരണം ഗ്രാമപഞ്ചായത്തിന് നഷ്ടം സംഭവിച്ചിട്ടില്ല എന്ന് അറിയിക്കുകയുണ്ടായി. ഇത്തരം അപാകങ്ങൾ ഭാവിയിൽ ഒഴിവാക്കേണ്ടതാണ്.

## 2-3 ഡി & ഒ ലൈസൻസ് ഫീസ് - ഈടാക്കിയതിൽ കുറവ് - 100341/- രൂപയുടെ നഷ്ടം

ധർമ്മശാലയിൽ സ്ഥിതി ചെയ്യുന്ന കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് എന്ന സ്ഥാപനത്തിൽ ഉപയോഗിക്കുന്ന യന്ത്ര സാമഗ്രികളുടെ പവർ 2547.21 KW (അതായത് 3414 HP) എന്ന് അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന് 1996-ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 18 പട്ടിക III പ്രകാരം ലൈസൻസ് ഫീസിനത്തിൽ പ്രതിവർഷം ഒടുക്കേണ്ട തുക 34140/- (3414 x 10) രൂപയാണ്. അതായത് അഞ്ചു വർഷത്തേക്ക് 1,70,700/- രൂപയാണ് ലൈസൻസ് ഫീ ഒടുക്കേണ്ടത്. എന്നാൽ മേൽ സ്ഥാപനം അഞ്ചു വർഷത്തേക്ക് 70359/- രൂപ മാത്രമാണ് ( രസീത് നം. 500026/26.02.2016 ) ഗ്രാമപഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളത്. കുറവു വന്ന തുക 100341/- ഈടാക്കി പഞ്ചായത്തു ഫണ്ടിൽ വരവു വെക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വാട്ടർ ചാർജ്ജ് - സംയുക്ത പരിശോധനയ്ക്കു ശേഷം കുറവു ചെയ്യാത്തത്

കല്ല്യാശേരി ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകൾ സംബന്ധിച്ച് 3.10.16 ന് നടത്തിയ സംയുക്ത പരിശോധനയിൽ, തൊട്ടുമുമ്പ് (12.10.2011-ൽ) നടത്തിയ പരിശോധനയിൽ പ്രവർത്തനക്ഷമമായിരുന്ന 103 ടാപ്പുകളിൽ 65 എണ്ണം മാത്രമാണ് പ്രവർത്തനക്ഷമമെന്നും 38 എണ്ണം തകരാറുള്ളവയാണെന്നും കണ്ടെത്തുകയുണ്ടായി. ഇതിനെ തുടർന്ന് എ2/5026/16 തീയതി 21.2.17 നമ്പർ കത്തിൽ സംയുക്ത പരിശോധനയ്ക്കു ശേഷമുള്ള ബിൽ തുക കുറവു ചെയ്തു തരണമെന്ന് സെക്രട്ടറി വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ 3/17 മുതൽ മാത്രമാണ് വാട്ടർ ചാർജ്ജ് കുറവു ചെയ്തിട്ടുള്ളത്. പ്രവർത്തനക്ഷമമല്ലാത്ത വാട്ടർടാപ്പുകൾക്കു വേണ്ടി 10/16 മുതൽ 2/17 വരെ ഒടുക്കിയ തുക തിരികെ ലഭിക്കുന്നതിനായി സ്വീകരിച്ച തുടർ

നടപടികൾ സംബന്ധിച്ച വിവരങ്ങൾ അറിയിക്കേണ്ടതാണ്.

## 3-2 സ്ട്രീറ്റ് ലൈറ്റ് ചാർജ്ജിൽ കുറവു വരുത്താത്തത് ബാധ്യത വരുത്തുന്നു.

ഗ്രാമപഞ്ചായത്ത് നിലവിൽ പ്രതിമാസം 43970 രൂപ നിരക്കിലാണ് സ്ട്രീറ്റ് ലൈറ്റ് ചാർജ്ജ് ഒടുക്കി വരുന്നത്. ഇതിന് ആധാരമാക്കിയ കെ എസ് ഇ ബി യുടെ സ്റ്റേറ്റ് മെന്റ് താഴെ പറയും പ്രകാരമാണ്.

| | വാട്ടേജ് | നിരക്ക് | എണ്ണം | ആകെ |
|---|---|---|---|---|
| Ordinary bulb | 40W | 61 | 143 | 8723 |
| ,, | 60W | 94 | 5 | 470 |
| CFL | 1x11W | 7 | 32 | 224 |
| Sodium vapour lamp | 250W | 414 | 16 | 6624 |
| ,, | 150W | 247 | 12 | 2964 |
| Flurescent tube | 2x40 | 124 | 69 | 8556 |
| Flurescent tube | 1x40 | 61 | 269 | 16409 |
| ആകെ | | | | 43970 രൂപ |

എന്നാൽ 2016-17 വർഷത്തെ എ എം സി ആവശ്യത്തിലേക്ക് കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്ത് പരിധിയിൽ വരുന്ന ധർമ്മശാല, പാപ്പിനിശ്ശേരി, ചെറുകുന്ന് ഇലക്ട്രിക്കൽ സെക്ഷനുകളിലെ അസിസ്റ്റന്റ് എഞ്ചിനീയർമാർ നല്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം 14 ordinary bulb(40W) ഉം 6 Sodium Vapour lamp(250വാട്ട്) ഉം മാത്രമാണ് നിലവിൽ പ്രവർത്തനക്ഷമമായിട്ടുള്ളത്. അതുപോലെ മറ്റ് തരത്തിലുള്ള സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണത്തിലും വ്യത്യാസം വന്നിട്ടുണ്ട്.

കൂടിയ നിരക്ക് ഒടുക്കേണ്ടുന്ന മുകളിൽ പറഞ്ഞ തരത്തിലുള്ള സ്ട്രീറ്റ് ലൈറ്റുകൾ മാറ്റി കുറഞ്ഞ പവർ കൺസംപ്ഷൻ വരുന്ന സി എഫ് എൽ , എൽ ഇ ഡി പോലുള്ളവ സ്ഥാപിച്ചിട്ടുണ്ടെങ്കിലും സ്ട്രീറ്റ് ലൈറ്റ് നിരക്കിൽ കുറവു വന്നിട്ടില്ല.

കറണ്ട് ചാർജ്ജ് യഥാർത്ഥത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തനക്ഷമമായ തരത്തിലുള്ള സ്ട്രീറ്റ് ലൈറ്റുകൾക്ക് ബാധകമായ നിരക്കിൽ ഒടുക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും സ്ട്രീറ്റ് ലൈറ്റ് മീറ്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതുമാണ്.

## 3-3 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകാത്ത പദ്ധതികൾ

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതികൾ നടപ്പാക്കുന്നതിനായി മുൻകൂറായി തുക നല്കിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരേയും വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

| പദ്ധതി | നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ട് നമ്പർ | അടങ്കൽ | തുക സ്വീകരിച്ച സ്ഥാപനം | ചെലവ് |
|---|---|---|---|---|---|
| സാമൂഹ്യസുരക്ഷാ മിഷന് വിഹിതം | സെക്രട്ടറി | 189/17 | 100000 (വികസന ഫണ്ട്) | സാമൂഹ്യസുരക്ഷാമിഷൻ | 100000 |
| തെരുവുവിളക്ക് സ്ഥാപിക്കുന്നതിന് സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ | | 191/17 | 1152602 (വികസന ഫണ്ട്) | കെ എസ് ഇ ബി | 1152602 |
| | | | 100186 (ധനകാര്യ കമ്മീഷൻ അവാർഡ്) | | 100186 |
| | | | 132542 (തനത് ഫണ്ട്) | | 104692 |
| കോലത്തു വയൽ മാവേലിസ്റ്റോറിന് ഫണ്ട് അനുവദിക്കൽ | | 75/17 | 100000 (തനത് ഫണ്ട്) | ജില്ലാ സപ്ലൈ ഓഫീസർ, കണ്ണൂർ | 100000 |
| ഐ എ വൈ അധികവിഹിതം നല്കൽ | അസിസ്റ്റന്റ് സെക്രട്ടറി | 185/17 | 125000 (വികസന ഫണ്ട്- എസ് സി പി) | സെക്രട്ടറി, കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത്) | 125000 |
| ഭവനനിർമ്മാണം പിഎംഎവൈ- വിഹിതം നല്കൽ(ജനറൽ) | വി ഇ ഒ | 12/17 | 20000 വികസന ഫണ്ട് | ,, | 20000 |
| ആകെ | | | | | 1702480രൂപ |

നൽകിയ ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച് സ്ഥാപനങ്ങളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രങ്ങൾ/പൂർത്തികരണ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 3-4 ഹെഡ് മാസ്റ്റർ നിർവ്വഹണം നടത്തിയ പദ്ധതികളിലെ അപാകങ്ങൾ -77930രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

(a)ഗവ. എൽ.പി. സ്കൂളിന് കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ വാങ്ങൽ

| | |
|---|---|
| പ്രോജക്ടിന്റെ നമ്പർ | 31/17 |
| വകയിരുത്തിയ തുക | ₹65,000 |
| ചെലവഴിച്ച തുക | ₹ 42,230 |
| ബിൽ നമ്പർ/തീയ്യതി | 5/2016-17/24-03-2017,<br>തുക 42,230/-(മെയിന്റനൻസ് ഗ്രാന്റ്, റോഡിതരം) |

മേൽ പദ്ധതി പ്രകാരം 42,230 രൂപ ചെലവഴിച്ച് കെൽട്രോണിൽ നിന്നും ഗവ എൽ പി സ്കൂളിന് 13-03-17 തീയ്യതിയിൽ കമ്പ്യൂട്ടർ, പ്രിന്റർ, സ്കാനർ എന്നിവ വാങ്ങിയിട്ടുണ്ട്. ഇവ സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ, മോണിറ്ററിംഗ് റിപ്പോർട്ട്, ഇൻസ്റ്റലേഷൻ റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നൽകിയതിന് (14/06-06-2017)മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

(b)സ്കൂളുകൾക്ക് പത്രമാസികകൾ വിതരണം

| | |
|---|---|
| പ്രോജക്റ്റിന്റെ നമ്പർ | 25/17 |
| വകയിരുത്തിയ തുക | ₹51,000 (തനതു ഫണ്ട്) |
| ചെലവഴിച്ച തുക | ₹35700 (തനതു ഫണ്ട്) |
| ചെക്ക് നമ്പർ/തീയ്യതി | 19561/15-03-2017, തുക 35,700 രൂ |

മേൽ പദ്ധതി പ്രകാരം 10 സ്കൂളുകൾക്ക് 01-09-2016 മുതൽ 31-03-2017 വരെ ദേശാഭിമാനി പത്രവും തത്തമ്മ ദ്വൈവാരികയും വിതരണം നടത്തുകയും ₹ 35,700 രൂപ ദേശാഭിമാനിക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതിക്കു വേണ്ടി ഏതെല്ലാം സ്കൂളുകളെയാണ് തെരഞ്ഞെടുത്തതെന്ന് വ്യക്തമല്ല. പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി സ്കൂളുകളുടെ അപേക്ഷകൾ, തെരഞ്ഞെടുത്ത സ്കൂളുകൾക്ക് പത്രമാസികകൾ ലഭിച്ചു എന്ന ഹെഡ് മാസ്റ്റർമാരുടെ സാക്ഷ്യപത്രം, പദ്ധതി പൂർത്തീകരിച്ചു എന്ന് കാണിക്കുന്ന മോണിറ്റ റിംഗ്

റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച തുക (42230+35700 = 77930 രൂപ) 77930/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-5 ആയുർവേദാശുപത്രിക്ക് സോളാർ ഹീറ്റർ വാങ്ങൽ- അനെർട്ടിൽ നിന്ന് ലഭ്യമാകുമായിരുന്ന സബ്സിഡി ലഭ്യമാക്കാൻ നടപടി സ്വീകരിച്ചില്ല.

പ്രോജക്ടിന്റെ പേര് : S0023/17 ആയുർവേദാശുപത്രിക്ക് സോളാർ ഹീറ്റർ സ്ഥാപിക്കൽ

അടങ്കൽ : 40,000/- (MG_NR)

ചെലവ് : 38,000 ( ബിൽ നം. 6/16-17/ 22.03.2017 )

നിർവഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (ജി.എ.ഡി.)

മേൽ പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടു.

1) തളിപ്പറമ്പിലെ ഒക്ലാ സിസ്റ്റംസ് എന്ന സ്ഥാപനമാണ് സോളാർ ഹീറ്റർ സ്ഥാപിച്ചിട്ടുള്ളത്. പദ്ധതിരൂപീകരണ വേളയിൽ, അനർട്ടിന്റെ അംഗീകാരമുള്ള സ്ഥാപനങ്ങൾക്കാണ് ഇതിന്റെ ചുമതല നൽകിയിരുന്നത്. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പ്രകാരം ഒക്ലാ സിസ്റ്റംസ് എന്ന സ്ഥാപനം അനർട്ടിന്റെ അംഗീകാരമുള്ള സ്ഥാപനമല്ല.

2)അനർട്ട് നിർദ്ദേശിച്ച സ്പെസിഫിക്കേഷനിലുള്ളവ തന്നെയാണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് ക്ഷമതയുള്ള എഞ്ചിനീയർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3)200 LPD ( പ്രതിദിനശേഷി ) ഹീറ്ററുകൾക്ക് 8000/- രൂപ അനർട്ടിൽ നിന്ന് സബ്സിഡിയായി തിരികെ ലഭിക്കുന്നതാണ്. എന്നാൽ ഈ തുക തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

അപാകങ്ങൾ പരിഹരിക്കേണ്ടതും സബ്സിഡി തുക തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-6 ആയുർവ്വേദാശുപത്രിയിലേക്ക് മരുന്നുകൾ - ഔഷധിയിൽ നിന്നും മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കാനായില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (ജി.എ.ഡി.)

കല്ല്യാശേരി ഗവ. ആയുർവ്വേദാശുപത്രിയിലേക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി ഔഷധിക്ക് താഴെ പറയും പ്രകാരം മുൻകൂർ തുക നൽകി.

| ക്രമ നം. | തുക | ബിൽ നം. | ഫണ്ട് ഇനം |
|---|---|---|---|
| 1 | 3,00,000 | 89/16-17/14.03.2017 | സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) |
| 2 | 1,00,000 | 88/16-17/14.03.2017 | വികസന ഫണ്ട് |
| 3 | 6,00,000 | 53/16-17/27.09.2016 | സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) |

ആകെ : 10,00,000/-

ഇതിൽ 1,95,571/- രൂപയുടെ മരുന്നുകൾ ഔഷധിയിൽ നിന്ന് ലഭിക്കാൻ ബാക്കിയുണ്ട്. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 കാൻസർ രോഗനിയന്ത്രണ പരിപാടിക്കായി സർവ്വേനടത്തി - തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

പ്രോജക്ടിന്റെ പേര് : എസ്.070/17, കാൻസർ രോഗനിയന്ത്രണവും പ്രതിരോധ പ്രവർത്തനങ്ങളും

അടങ്കൽ : 2,00,000/-

ചെലവ് : 50295/- (ചെക്ക് നം. 016569/28.03.2017)

നിർവ്വഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.

മേൽ പ്രൊജക്ടിന്റെ ഭാഗമായി കാൻസർ രോഗനിയന്ത്രണവും പ്രതിരോധ പ്രവർത്തനങ്ങളും നടത്തുന്നതിന് ഗ്രാമപഞ്ചായത്തിൽ സർവ്വേനടത്തിയിട്ടുണ്ട്. എന്നാൽ സർവ്വേയിലൂടെ കണ്ടെത്തിയ വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല. പദ്ധതിയുടെ പ്രധാന ലക്ഷ്യമായ കാൻസർ രോഗനിയന്ത്രണം, പ്രതിരോധപ്രവർത്തനങ്ങൾ എന്നിവ നടപ്പാക്കിയിട്ടില്ല. വെറും സർവ്വേ മാത്രം നടത്തിയതുകൊണ്ട് ഈ പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിക്കാനായി എന്നു കരുതാനാവില്ല. മാത്രവുമല്ല പദ്ധതി പണം പാഴാവുകയേ ഉള്ളൂ. ഇക്കാര്യത്തിൽ

തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-8 ഹോമിയോ ഡിസ്പൻസറിയിലേക്കുള്ള മരുന്നുകൾ ലഭ്യമായില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (ഹോമിയോ)

കല്ല്യാശേരി ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിനായി റോഡിതര സംരക്ഷണ ഗ്രാന്റിൽ നിന്നും രണ്ടുലക്ഷം രൂപ ആലപ്പുഴ ഹോംകോയ്ക്ക് [ബിൽ നമ്പർ 3/2016-17 /10.01.2017 ( ഡി.ഡി.നമ്പർ 917112/16.01.2017 ) മുൻകൂർ നൽകി. എന്നാൽ മരുന്നുകൾ നാളിതുവരെയായി (02.06.2017)] ലഭ്യമായിട്ടില്ല. ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതും മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-9 മൃഗാശുപത്രിക്ക് ബില്ലിംഗ് മെഷീൻ - സംരക്ഷണ ഗ്രാന്റ് വിനിയോഗിച്ചത്

നിർവ്വഹണ ഉദ്യോഗസ്ഥൻ വെറ്റിനറി സർജൻ

പ്രോജക്ട് നമ്പർ : S0181/17

പേര് : മൃഗാശുപത്രിക്ക് ബില്ലിംഗ് മെഷീൻ

അടങ്കൽ : 10,500 (മെയിന്റനൻസ് ഗ്രാന്റ്- നോൺ റോഡ്)

ചെലവ് : 10,000/- (-ടി-)

ബിൽ നമ്പർ, തീയ്യതി : P4/16-17, 28-03-2017

മേൽ പ്രോജക്ട് പ്രകാരം 10,000 രൂപ ചെലവഴിച്ച് പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്ക് ആവശ്യമായ ബില്ലിംഗ് മെഷീൻ വാങ്ങിയിട്ടുണ്ട്. എസ്.എൽ.ബി.പി. വഴി നടപ്പിലാക്കുന്ന പദ്ധതിക്ക് പദ്ധതിപ്പണം ഉപയോഗിച്ച് ബില്ലിംഗ് മെഷീൻ വാങ്ങിയതിന്റെ അടിസ്ഥാനം വ്യക്തമല്ല. സ്പെഷൽ ലൈവ് സ്റ്റോക്ക് ബ്രീഡിംഗ് പ്രോഗ്രാം അഡിഷണൽ ഡയറക്ടർ ജില്ലാ മൃഗസംരക്ഷണ ഓഫീസർമാർക്കയച്ച സി-625/2016 തീയതി 25.04.16 നമ്പർ കത്തിൽ ക്ഷീരസംഘങ്ങൾ മുഖേന പദ്ധതിയിലെ കന്നുകുട്ടികൾക്ക് തീറ്റ വിതരണം ചെയ്യുമ്പോൾ ഗുണഭോക്താക്കളിൽ നിന്നും ശേഖരിക്കുന്ന ഗുണഭോക്തൃ വിഹിതം കുറ്റമറ്റ രീതിയിൽ തത്സമയം സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തുകളിലെ തനത് ഫണ്ട് ഉപയോഗിച്ച് ഹാൻഡ് ഹെൽഡ് ബില്ലിംഗ് മെഷീൻ വാങ്ങാൻ നിർദ്ദേശം നല്കിയിരുന്നു. എന്നാൽ ഇതു സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്ന് പ്രത്യേക നിർദ്ദേശം ലഭിച്ചിട്ടില്ല.(മൃഗസംരക്ഷണ വകുപ്പിന് 2016-17-ലെ പ്ലാൻ സ്കീമിൽ 100 ബില്ലിംഗ് മെഷീനുകൾ വാങ്ങുന്നതിന് ജി.ഒ.(ആർ.ടി.)289/16/എ.എച്ച്.ഡി. തീ. 15.07.16 ഉത്തരവു പ്രകാരം എ.എസ്. നൽകിയിട്ടുണ്ട്.) മൃഗാശുപത്രികൾക്ക് വേണ്ടി ഉപകരണങ്ങൾ വാങ്ങാൻ സംരക്ഷണ ഗ്രാന്റ് വിനിയോഗിക്കാവുന്നതാണെങ്കിലും എസ്.എൽ.ബി.പി. പ്രത്യേക പദ്ധതിയായതിനാൽ ഈ ഗണത്തിൽ പെടുത്താൻ കഴിയില്ല. ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ

ശ്രദ്ധിക്കേണ്ടതാണ്.

## 3-10 പ്രത്യേക കന്നുകുട്ടി പരിപാലനം -നീക്കിയിരിപ്പ് തുക തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

പ്രോജക്റ്റ് - 16/17, പ്രത്യേക കന്നുകുട്ടി പരിപാലനംഅടങ്കൽ
അടങ്കൽ - 1,87,500 (വികസനഫണ്ട്)

1,87,500(സംസ്ഥാനം) (സർക്കാർ വിഹിതം)

3,75,000(ഗുണഭോക്തൃ വിഹിതം)

ചെലവ് - 1,87,500 (വികസന ഫണ്ട്) ( ബിൽ നമ്പർ P1/16-17, 10-01-17)

നിർവഹണം - വെറ്റിനറി സർജൻ

ഗ്രാമപഞ്ചായത്തിലെ 4 – 6 മാസം വരെ പ്രായമുള്ള 30 കന്നുകുട്ടികളെ കണ്ടെത്തി അവയ്ക്ക് 32 മാസം പ്രായം ആകുന്നതുവരെ അല്ലെങ്കിൽ ആദ്യപ്രസവം വരെ കാലിത്തീറ്റ ലഭ്യമാക്കുന്നതിനുള്ള പദ്ധതിയാണിത്. ഈ പദ്ധതിയുടെ നടത്തിപ്പിനായി ഗ്രാമപഞ്ചായത്ത് വിഹിതമായ 1,87,500/-രൂപ എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് ഡി.ഡി.നമ്പർ 917174/21-01-17 മുഖേന കൈമാറിയിട്ടുണ്ട്. എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർ ലഭ്യമാക്കിയ കഴിഞ്ഞ 3 വർഷങ്ങളിലെ വിനിയോഗ സാക്ഷ്യപത്രങ്ങൾ നിർവ്വഹണ ഉദ്യോഗ സ്ഥൻ ഹാജരാക്കിയിട്ടുണ്ട്. വിശദവിവരം ചുവടെ കൊടുക്കുന്നു.

| വർഷം | ഫണ്ട് ലഭിച്ചത് | വിനിയോഗിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|
| 2014-15 | 3,12,500 | 2,86,360 | 26,140 | പദ്ധതി പൂർത്തിയായി |
| 2015-16 | 1,87,500 | 1,01,836.88 | 85,663.12 | പദ്ധതി തുടരുന്നു |
| 2016-17 | 1,87,500 | 21,891 | 1,65,609 | പദ്ധതി തുടരുന്നു |

ഇതുപ്രകാരം 2016-17 വർഷം കൈമാറിയ തുകയിൽ 11-05-17തീയതി വരെ 21,891/-രൂപ ചെലവഴിക്കുകയും 1,65,609/- രൂപ നീക്കിയിരിപ്പുള്ളതായും കാണുന്നു. 32 മാസം കൊണ്ട് പൂർത്തിയാകേണ്ട ഈ പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് പൂർണ്ണമായ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. കൂടാതെ എസ്.എൽ.ബി.പി ഡെപ്യൂട്ടി ഡയറക്ടർക്ക് നാളിതുവരെ കൈമാറിയ തുകകളിൽ ഉപയോഗിക്കാതെ നീക്കിയിരിപ്പുള്ള തുകകൾ പരിശോധിച്ച് സഞ്ചിത നിധിയിലേക്ക് തിരിച്ചെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

## 3-11 ടെണ്ടർ സ്വീകരിച്ചതിൽ അപാകം

പ്രോജക്ടിന്റെ പേര് : എസ്. 0137/17 ഹാജിമൊട്ട കസ്തൂരിമുക്ക് റോഡ് ടാറിംഗ്

ആകെ പ്രവൃത്തിമൂല്യം : 4,84,486/-

ബിൽ നം. : 3/16-17/21.10.2016

കോൺട്രാക്ടർ : ബൈജു കെ.കെ.

നിർവഹണോദ്യോഗസ്ഥൻ : അസി. എഞ്ചിനീയർ

മേൽ പദ്ധതി നിർവഹണത്തിൽ താഴെ പറയുന്ന വീഴ്ചകൾ സംഭവിച്ചിട്ടുണ്ട്.

1)13.15% ടെണ്ടർ കുറവ് രേഖപ്പെടുത്തിയ ശ്രീ. ബൈജു കെ.കെ. എന്ന കോൺട്രാക്ടറുടെ ടെണ്ടർ ആണ് അംഗീകരിച്ചിട്ടുള്ളത്. 15.20% ടെണ്ടർ കുറവ് രേഖപ്പെടുത്തിയ ശ്രീ. ശെൽവരാജ് എന്നയാളുടെ ടെണ്ടർ, എഗ്രിമെന്റ് വെച്ചില്ലെന്ന കാരണത്താൽ തള്ളുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ ശ്രീ. ബൈജു കെ.കെ - യോട് ശ്രീ. ശെൽവരാജ് ക്വാട്ട് ചെയ്ത കുറഞ്ഞ നിരക്കിലേക്ക് (15.20%) നെഗോഷിയേറ്റ് ചെയ്തിട്ടില്ല.

2)ഏറ്റവും കുറവ് ടെണ്ടർ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരൻ പിൻമാറിയ സാഹചര്യത്തിൽ ടെണ്ടർ റദ്ദാക്കി റീ - ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

3)ടെണ്ടറിൽ നിന്ന് പിൻമാറിയ കരാറുകാരന്റെ ഇ.എം.ഡി. തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. എക്സിറ്റ് മീറ്റിംഗിൽ റീ ടെണ്ടർ നടത്തുന്നത് പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുണ്ടാക്കും എന്നതിനാലാണ് റീടെണ്ടർ ചെയ്യാതിരുന്നതെന്നും നെഗോഷ്യേറ്റ് ചെയ്യാതിരുന്നത് വീഴ്ച്ചയാണെന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിക്കുകയുണ്ടായി.

ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും വീഴ്ച വരുത്തിയ കരാറുകാരൻ സമർപ്പിച്ച ഇ.എം.ഡി. ഗ്രാമപഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതുമാണ്.

## 3-12 ആശ്രയ പദ്ധതി -അവലോകനം

സമൂഹത്തിലെ ഏറ്റവും താഴേക്കിടയിലുള്ളവരെ കണ്ടെത്തി അവർക്കാവശ്യമായ അടിസ്ഥാന സൌകര്യങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും തൊഴിൽ ചെയ്യാൻ ശാരീരിക ക്ഷമതയുള്ളവർക്ക് അതിനുള്ള അവസരമൊരുക്കി അവരെ സമൂഹത്തിന്റെ പൊതുധാരയിലേക്ക് കൊണ്ടുവരികയും ചെയ്യുക എന്ന വിശാലമായ ലക്ഷ്യത്തോടുകൂടി ആരംഭിച്ചതാണ് ആശ്രയ പദ്ധതി. കല്ല്യാശേരി ഗ്രാമപഞ്ചായത്തിൽ രണ്ടു ഘട്ടങ്ങളിലുള്ള ആശ്രയ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ആശ്രയ ഗുണഭോക്താക്കളുടെ ക്ലേശഘടകങ്ങൾക്ക് പൂർണ്ണമായും പരിഹാരം കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. വിശദവിവരങ്ങൾ

ചുവടെ കൊടുക്കുന്നു.

1. പദ്ധതി നിർവ്വഹണം

| ഇനം | ഫസ്റ്റ് പ്രോജക്ട് | സെക്കന്റ് പ്രോജക്ട് |
|---|---|---|
| പ്രോജക്ടു പ്രകാരം ആകെ ഗുണഭോക്താക്കൾ | 22 | 23 |
| പ്രോജക്ടു പ്രകാരം വീടു വെക്കാൻ സ്ഥലം ആവശ്യമുള്ളവർ | 6 | - |
| നാളിതു വരെ ലഭിച്ചവർ | - | - |
| പ്രോജക്ടു പ്രകാരം വീട് ആവശ്യമുള്ളവർ | 18 | 2 |
| നാളിതു വരെ ലഭിച്ചവർ | 8 | 1 |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 3 | 4 |
| നാളിതു വരെ ലഭിച്ചവർ | 3 | - |
| കക്കൂസ് ആവശ്യമുള്ളവർ | - | 2 |
| നാളിതു വരെ ലഭിച്ചവർ | - | - |
| കുടിവെള്ളം ആവശ്യമുള്ളവർ | 11 | 3 |
| നാളിതു വരെ ലഭിച്ചവർ | 2 | - |
| കറണ്ട് ആവശ്യമുള്ളവർ | - | - |
| നാളിതു വരെ ലഭിച്ചവർ | - | - |

ആശ്രയ ചലഞ്ച് ഫണ്ടിനത്തിൽ ഗ്രാമപഞ്ചായത്തിന് 6,50,247 ലഭിച്ചിട്ടുണ്ട്. ഇതിൽ 5,63,394 വിനിയോഗിച്ചിട്ടുണ്ട്. ആശ്രയ പദ്ധതിക്കായി പാപ്പിനിശ്ശേരി കോ ഓപ്പറേറ്റീവ് റൂറൽ ബാങ്കിൽ ആരംഭിച്ച 7540 നമ്പർ അക്കൌണ്ടിൽ പലിശ സഹിതം നിലവിൽ 209733രൂപ നീക്കിയിരിപ്പുണ്ട്.

ഗ്രാമപഞ്ചായത്തിലെ മറ്റു പദ്ധതികളുടെ ഭാഗമായി അടിസ്ഥാന സൌകര്യങ്ങൾ ആവശ്യമുള്ള ഗുണഭോക്താക്കളുടെ അഭാവത്തിൽ നിലം ടൈൽസ് ഇടുന്നതിന് ഭവന പുനരുദ്ധാരണത്തിനുള്ള ധനസഹായം നല്കിയിട്ടുണ്ട്. സമൂഹത്തിന്റെ ഏറ്റവും താഴേക്കിടയിലുള്ള ആശ്രയ ഗുണഭോക്താക്കൾ ഇപ്പോഴും ഭവനരഹിതരായി തുടരുമ്പോൾ ഇത്തരം പദ്ധതികൾക്ക് പകരം ആശ്രയ പദ്ധതി ഗുണഭോക്താക്കളെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കാൻ കഴിയുന്ന തരത്തിലുള്ള പദ്ധതികൾ തയ്യാറാക്കി പദ്ധതി ലക്ഷ്യം കൈവരിക്കുന്നതിനുള്ള അടിയന്തിര ശ്രമങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ഇക്കാര്യത്തിൽ ഉത്തരവാദപ്പെട്ടവരുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-13 ഗുണഭോക്തൃതെരഞ്ഞെടുപ്പും പദ്ധതി മോണിറ്ററിംഗും

ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്തിൽ സുതാര്യമായ രീതിയിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിട്ടുള്ളത്. ഗ്രാമസഭകളിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കളുടെ അർഹത പരിശോധിച്ച് ഏറ്റവും അർഹരായവരെ ഉൾപ്പെടുത്തി(അനർഹരായതിന് കാരണം രേഖപ്പെടുത്തിയശേഷം) അച്ചടിച്ച ഗുണഭോക്തൃലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ഗ്രാമപഞ്ചായത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ആനുകൂല്യങ്ങൾ നല്കിയിട്ടില്ല.

ഭവന പുനരുദ്ധാരണ പദ്ധതിയിൽ പുനരുദ്ധാരണം അനിവാര്യമായിരിക്കണം എന്ന പദ്ധതി മാർഗ്ഗരേഖാ നിർദ്ദേശം നിലനില്ക്കെ വീടുകളിൽ ടൈൽസ് വിരിക്കുന്നതിന് മാത്രം (അസി.സെക്രട്ടറി നിർവ്വഹണം നടത്തിയ 11/17 നമ്പർ പ്രോജക്ടിന്റെ ഭാഗമായി രണ്ടു പേർക്കും വി.ഇ.ഒ. നിർവ്വഹണം നടത്തിയ 52/17 നമ്പർ പ്രോജക്ടു പ്രകാരം 2 പേർക്കും) ധനസഹായം ആവശ്യമുള്ളവരെ തെരഞ്ഞെടുത്തു എന്നതാണ് ഗുണഭോക്തൃ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽ പെട്ട അപാകം. കൂടാതെ ആശ്രയ ഗുണഭോക്താക്കൾക്ക് അർഹമായ പരിഗണന നല്കുന്നതിലും വീഴ്ച സംഭവിച്ചിട്ടുണ്ട്.

പദ്ധതികൾ കൃത്യമായി മോണിറ്ററിംഗ് നടത്തുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ ഭൂരിഭാഗവും അംഗങ്ങളുടെ ഒപ്പുമാത്രം രേഖപ്പെടുത്തി തീരുമാനങ്ങൾ രേഖപ്പെടുത്താത്തവയാണ്. മിനുട്സുകൾ യഥാസമയം എഴുതി സാക്ഷ്യപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 210000 | നെൽക്കൃഷിക്ക് വിത്തും കൂലിച്ചെലവും | 210000 | ഇല്ല |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ

| വൌച്ചർ നമ്പർ തീയതി | തുക | നല്കിയത് | ആവശ്യം | റിമാർക്സ് |
|---|---|---|---|---|
| 21601054/ 16.03.17 | 137731 | കെ എസ് ഇ ബി | സമ്പൂർണ്ണ വൈദ്യുതീകരണം | മുഴവൻ തുകയും ചെലവഴിച്ചു |
| 21601055/ 16.03.17<br>21601056/ 16.03.17<br>21601058/ 17.03.17 | 1357480 | ,, | തെരുവു വിളക്ക് സ്ഥാപിക്കുന്നതിന് സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | പ്രവൃത്തി പൂർത്തിയായിട്ടില്ല |
| 21601018/ 08.3.17 | 100000 | സപ്ലൈകോ ഡിസ്ട്രിക്ട് മാനേജർ, | കോലത്തുവയൽ മാവേലി സ്റ്റോറിന് ഫണ്ട് അനുവദിക്കൽ | ,, |

| | | | | |
|---|---|---|---|---|
| | | കണ്ണൂർ | | |
| 21600984/ 31.3.17<br>21600939/ 31.03.17 | 61168 | കെ.ഡബ്ല്യൂ.എ. | അംഗൻവാടികൾക്കു ജപ്പാൻ കുടിവെള്ള കണക്ഷൻ | ,, |

പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന നിക്ഷേപം | 21000 |
| തൻവർഷം നിക്ഷേപിച്ച തുക | -- |
| ആകെ | 21000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | -- |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 21000 |

- നിക്ഷേപത്തിന്റെ വിവരം

| | തുക |
|---|---|
| മലബാർ ടൂറിസം ഡവലപ്പ് മെന്റ് കോ ഓപ്പറേറ്റീവ് ലിമിറ്റഡ് | 20000 |
| കേനന്നൂർ കോ ഓപ്പറേറ്റീവ് ഹോസ്പിറ്റൽ സൊസൈറ്റി | 1000 |
| ആകെ | 21000രൂ |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 7750രൂപയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമനമ്പർ | റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|---|
| 1 | 2012-13 | 3-6 | 7500 | ബേബി റീന പി കെ, കൃഷി ഓഫീസർ | 11602102306 24.06.16 |
| 2 | ,, | 2-4 | 150 | രാജീവൻ വാണിയങ്ങാട്ട് | 11602102778 12.07.16 |
| 3 | ,, | 2-4 | 100 | നീലാങ്കോൽ ചന്ദ്രൻ | 11602102778 12.07.16 |
| ആകെ | | | 7750രൂ | | |

## 4-7 സമാഹൃത റിപ്പോർട്ടിൽഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 42038449രൂപ |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 39642793രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | -- |

| | | |
|---|---|---|
| | | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 77930രൂപ |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസപ്പെടുത്തിയ തുക | ഉത്തരവാദിയായ<br>ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | 77930 | ശ്രീ.രതനകുമാർ മുണ്ടോൻ, ഹെഡ്മാസ്റ്റർ |
| ആകെ | 77930 രൂപ | |

(സി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ |
|---|---|---|

| | വിവരം | എണ്ണം |
|---|---|---|
| 1999-00 | എൽ.എഫ്/കെഎൻആർ/സി7-1667/14 (1)തീയ്യതി17-12-2014 | 13 |
| 1999-00 | എൽ.എഫ്/കെഎൻആർ/സി7-1667/14(2) തീയ്യതി17-12-2014 | 6 |
| 2000-01 | എൽ.എഫ്/കെഎൻആർ/സി7-1667/14(3) തീയ്യതി17-12-2014 | 10 |
| 2000-01 | എൽ.എഫ്/കെഎൻആർ/സി7-1667/14(4) തീയ്യതി17-12-2014 | 5 |
| 2001-02 | എൽ.എഫ്/കെഎൻആർ/സി7-1667/14 (5)തീയ്യതി17-12-2014 | 9 |
| 2001-02 | എൽ.എഫ്/കെഎൻആർ/സി7-1667/14 (6)തീയ്യതി17-12-2014 | 5 |
| 2002-03 | എൽ.എഫ്/കെഎൻആർ/സി7-1667/14 (7)തീയ്യതി17-12-2014 | 22 |
| 2003-04 | എൽ.എഫ്/കെഎൻആർ/സി7-1667/14 (8)തീയ്യതി17-12-2014 | 6 |
| 2004-05 | എൽ.എഫ്/കെഎൻആർ/സി13-20/09 തീയ്യതി10-07-2009 | 7 |
| 2005-06 | എൽ.എഫ്/കെഎൻആർ/സി13-1147/09 തീയ്യതി06-09-2009 | 4 |
| 2006-07 | എൽ.എഫ്/കെഎൻആർ /സി13-1809/09 തീയ്യതി26-07-2009 | 10 |
| 2007-08 | എൽ.എഫ്/കെഎൻആർ /സി13-591/10 തീയ്യതി09-12--2011 | 7 |
| 2008-09 | എൽ.എഫ്/കെഎൻആർ /സി13-1936/11(1) തീയ്യതി20-04-2013 | 8 |
| 2009-10 | എൽ.എഫ്/കെഎൻആർ /സി13-1760/11 തീയ്യതി24-04-2013 | 6 |

| | | |
|---|---|---|
| 2010-11, 2011-12 | എൽ.എഫ്/കെഎൻആർ/സി3-1129/ തീയ്യതി17-12-2014 | 20 |
| 2012-13 | എൽ.എഫ്/കെഎൻആർ/സി3-1125/15 തീയ്യതി23-09-2015 | 4 |
| 2013-14, 2014-15 | എൽ.എഫ്/കെഎൻആർ/സി7-1389/16 തീയ്യതി03-08-2016 | 18 |
| 2015-16 | നം.കെ.എസ്.എ / കെഎൻആർ / സി2/2094/2016 തീയതി07.02.2017 | 9 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

അനുബന്ധം 1

ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം: കെ.എസ്.എ./കെ.എൻ.ആർ./സി.2/981/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ,

ഇ- മെയിൽ lfadistofficeknr@gmail.com

തീയതി: 04.07.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കല്ല്യാശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

APPENDIX - 1

AUDIT CERTIFICATE

No.KSA/KNR/C.2/981/2017

Kerala State Audit Department,

District Audit Office,Kannur,

E-mail : lfaddistauditofficeknr@gmail.com

Dated: 04.07.2017

Certified that I have audited the Annual Financial Statement of KALLIASSERY Gramapanchayath in KANNUR District for the year ended on 31.3.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of KALLIASSERY Gramapanchayath for the year 2016-17 except the observations in my Audit report properly presents the picture of income and expenditure.

DEPUTY DIRECTOR

## അനുബന്ധം-2

# RECEIPT & PAYMENT STATEMENT

KALLIASSERI GRAMA PANCHAYATH

RECEIPT AND PAYMENT STATEMENT

FOR THE PERIOD FROM 01 -APRIL- 2016 TO 31- MARCH -2017

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT(Rs) |
|---|---|---|---|
| OPENING BALANCE | | | |
| | BANK<br>CASH | RP -40(a)<br>RP-40(b) | 38900282.11<br>0 |
| RECEIPTS | | | |
| OPERATING | | | |
| 110000000 | TAX REVENUE | RP-1 | 1898100 |

| | | | |
|---|---|---|---|
| 140000000 | FEES AND USER CHARGES | RP-4 | 1649313 |
| 150000000 | SALE AND HIRE CHARGES | RP-5 | 639090 |
| 160000000 | REVENUE GRANTS CONTRIBUTIONS& COMPENSATIONS | RP-7 | 10115680 |
| 171000000 | INTEREST EARNED | RP-9 | 460156 |
| 320000000 | GRANTS, FUNDS& CONTRIBUTIONS FOR SPECIFIC PURPOSES | RP-31 | 19396525 |
| 350000000 | OTHER LIABILITIES | RP-36 | 300973 |
| 431000000 | SUNDRY DEBTORS (RECEIVABLES) | RP-43 | 311900 |
| NON OPERATING | | | |
| 180000000 | OTHER INCOME | RP-10 | 7500 |
| 311000000 | EARMARKED FUNDS | RP-29 | 5538 |
| 340000000 | DEPOSITS RECEIVED | RP-34 | 483312 |
| 350000000 | OTHER LIABILITIES | RP-36 | 269329 |
| 431000000 | SUNDRY DEBTORS(RECEIVABLE) | RP-43 | 6109809 |
| 460000000 | LOANS, ADVANCES AND DEPOSITS | RP-47 | 391224 |
| GRAND TOTAL | | | 80938731.11 |
| PAYMENTS | | | |
| OPERATING | | | |
| 210000000 | ESTABLISHMENT EXPENSES | RP-11 | 2797581 |
| 220000000 | ADMINISTRATIVE EXPENSES | RP-12 | 842015 |
| 230000000 | OPERATIONS AND MAINTANANCE | RP-13 | 1363026 |
| 250000000 | DECENTRALISED PLAN | RP-15 | 3438315 |

| | | | |
|---|---|---|---|
| | PROGRAMME- PRODUCTIVE SECTOR | | |
| 251000000 | DECENTRALISED PLAN PROGRAMME- SERVICE SECTOR | RP-16 | 9201335 |
| 252000000 | DECENTRALISED PLAN PROGRAMME – INFRASTRUCTURE SECTOR | RP-17 | 730368 |
| 253000000 | DECENTRALISED PLAN PROGRAMME- PROJECTS NOT INCLUDED IN SECTOR DIVISION | RP-18 | 406085 |
| 254000000 | EXPENDITURE FOR TRANSFERRED INSTITUTIONS AND STATE SPONSORED SCHEMES | RP-19 | 701536 |
| 255000000 | MAINTANANCE PROJECTS | RP-20 | 4339789 |
| 280000000 | PRIOR PERIOD ITEM | RP-26 | 67822 |
| 320000000 | GRANTS, FUNDS& CONTRIBUTIONS FOR SPECIFIC PURPOSES | RP-31 | 49166 |
| 350000000 | OTHER LIABILITIES | RP-36 | 4189370 |
| NON OPERATING | | | |
| 240000000 | INTEREST AND FINANCE CHARGES | RP-14 | 29 |
| 280000000 | PRIOR PERIOD INCOME | RP-26 | -2976 |
| 311000000 | EARMARKED FUNDS | RP-29 | 9000 |
| 340000000 | DEPOSITS RECEIVED | RP-34 | 163233 |
| 341000000 | DEPOSIT WORKS | RP-35 | 367400 |
| 350000000 | OTHER LIABILITIES | RP-36 | 1954435 |
| 410000000 | FIXED ASSETS | RP-38 | 4480046 |

| | | | |
|---|---|---|---|
| 412000000 | CAPITAL WORK IN PROGRESS | RP-40 | 2496615 |
| 460000000 | LOANS, ADVANCES AND DEPOSITS | RP-47 | 2048603 |
| CLOSING BALANCE | | | |
| | BANK<br>CASH | RP – 40(b)<br>RP – 40(b) | 41295938.11<br>0 |
| GRNAT TOTAL | | | 80938731.11 |

DEPUTY DIRECTOR

## അനുബന്ധം-3

# INCOME & EXPENDITURE STATEMENT

KALLIASSERI GRAMA PANCHAYATH

INCOME & EXPENDITURE STATEMENT

FOR THE PERIOD FROM 01 -APRIL- 2016 TO 31- MARCH -2017

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT(Rs) |
|---|---|---|---|
| INCOME | | | |
| 110000000 | TAX REVENUE | I-1 | 6238301 |
| 130000000 | RENTAL INCOME FROM PANCHAYATH PROPERTIES | I-3 | 487067 |
| 140000000 | FEES AND USER CHARGES | I-4(b) | 1795249 |
| 150000000 | SALE AND HIRE | I-5(b) | 642090 |

| | | | |
|---|---|---|---|
| | CHARGES | | |
| 160000000 | REVENUE GRANTS , FUNDS, CONTRIBUTIONS AND COMPENSATIONS | I-6 | 70852587 |
| 171000000 | INTEREST EARNED | I-8 | 460156 |
| 180000000 | OTHER INCOME | I-9 | 7500 |
| A | TOTAL INCOME | | 80482950 |
| EXPENDITURE | | | |
| 210000000 | ESTABLISHMENT EXPENSES | I-10(b) | 8607740 |
| 220000000 | ADMINISTRATIVE EXPENSES | I-11(b) | 842015 |
| 230000000 | OPERATIONS AND MAINTANANCE | I-12(b) | 1363026 |
| 240000000 | INTEREST AND FINANCE CHARGES | I-13 | 29 |
| 250000000 | DECENTRALISED PLAN PROGRAMME- PRODUCTIVE SECTOR | I-14 | 8261035 |
| 251000000 | DECENTRALISED PLAN PROGRAMME- SERVICE SECTOR | I-14(a) | 9366780 |
| 252000000 | DECENTRALISED PLAN PROGRAMME – INFRASTRUCTURE SECTOR | I-14(b) | 730368 |
| 253000000 | DECENTRALISED PLAN PROGRAMME- PROJECTS NOT INCLUDED IN SECTOR DIVISION | I-14(c) | 421669 |
| 254000000 | EXPENDITURE OF TRANSFERRED INSTITUTIONS AND | I-14(d) | 44792391 |

| | | | |
|---|---|---|---|
| | STATE SPONSORED SCHEMES(NOT INCLUDED UNDER DECENTRALISED PLAN PROGRAMME) | | |
| 255000000 | MAINTANANCE PROJECTS | I-14(e) | 4339789 |
| 272000000 | DEPRECIATION | I-17(a) | 2382644 |
| B | TOTAL EXPENDITURE | | 81107486 |
| C=A-B | GROSS SURPLUS / DEFICIT OF INCOME OVER EXPENDITURE | | (624536) |
| D= 280000000 | PRIOR PERIOD ITEM | I-18 | 1344745 |
| E=C-D 290000000 | GROSS SURPLUS/DEFICIT OF INCOME OVER EXPENDITURE AFTER PRIOR PERIOD ITEMS TRANSFER TO RESERVE FUNDS | | (1969281) |
| | NET BALANCE BEING SURPLUS/ DEFICIT CARRIED OVER TO BALANCE SHEET (PANCHAYATH FUND) | | |

DEPUTY DIRECTOR

## അനുബന്ധം-4

# BALANCE SHEET

KALLIASSERI GRAMA PANCHAYATH

BALANCE SHEET (AS ON 31.03.2017)

| CODE NO | DESCRIPTION OF ITEMS | SCHEDULE NO | AMOUNT |
|---|---|---|---|
| LIABILITIES | | | |
| RESERVES AND SURPLUS | | | |
| 310000000 | PANCHAYATH FUND | B-1 | 43846628.57 |
| 311000000 | EARMARKED FUND | B-2 | 25094 |
| 312000000 | RESERVES | B-3 | 27601589 |
| TOTAL RESERVES AND SURPLUS | | | 71473311.57 |
| GRANTS AND CONTRIBUTIONS FOR SPECIFIC PURPOSE | | | |
| 320000000 | GRANTS AND CONTRIBUTIONS FOR SPECIFIC PURPOSE | B-4 | 1133335 |
| TOTAL GRANTS AND CONTRIBUTIONS FOR SPECIFIC PURPOSE | | | 1133335 |

| | | | |
|---|---|---|---|
| LOANS | | | |
| 330000000 | SECURED LOANS | B-5 | 0 |
| TOTAL LOANS | | | 0 |
| CURRENT LIABILITIES AND PROVISIONS | | | |
| 340000000 | DEPOSITS RECEIVED | B-7 | 1247380 |
| 35000000 | OTHER LIABILITIES | B-9 | 1460154.54 |
| TOTAL CURRENT LIABILITIES AND PROVISIONS | | | 2707534.54 |
| TOTAL LIABILITIES | | | 75314181.11 |
| ASSETS | | | |
| FIXED ASSETS | | | |
| 410000000 | FIXED ASSETS | B-11 | 37699114 |
| 411000000 | ACCUMULATED DEPRECIATION | B-11 | (6502573) |
| 412000000 | CAPITAL WORK IN PROGRESS | B-11(a) | 316111 |

| | | | |
|---|---|---|---|
| TOTAL FIXED ASSETS | | | 31512652 |
| INVESTMENTS | | | |
| 420000000 | INVESTMENTS | B-12 | 21000 |
| TOTAL INVESTMENTS | | | 21000 |
| CURRENT ASSETS , LOANS AND ADVANCES | | | |
| 431000000 | SUNDRY DEBTORS ( RECEIVABLES) | B-15 | 640512 |
| 440000000 | PREPAID EXPENSES | B-16 | 0 |
| 450000000 | CASH AND BANK BALANCES | B-17 | 41295938.11 |
| 460000000 | LOANS, ADVANCES AND DEPOSITS | B-18 | 1844079 |
| TOTAL CURRENT ASSETS , LOANS AND ADVANCES | | | 43780529.11 |
| TOTAL ASSETS | | | 75314181.11 |

DEPUTY DIRECTOR